ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത. അന്വേഷണം ഊർജിതമാക്കി ദേശീയ അന്വേഷണ ഏജൻസി.

   **In the wake of the Delhi blast, high alert continues in the country. The NIA has intensified the investigation.**

2) രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ ദ്വിരാഷ്ട്ര പര്യടനം തുടരുന്നു. ബോട്സ്വാന പ്രസിഡൻറുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും.

   **President Droupadi Murmu will hold bilateral talks with the President of Botswana today.**

3) ഭൂട്ടാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് മടങ്ങി.

   **Prime Minister Narendra Modi departed to India after successfully completing his visit to Bhutan.**

4) രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ഓൾ ഇന്ത്യ റേഡിയിലൂടെ തത്സമയ പ്രക്ഷേപണം നടത്തിയതിന്റെ സ്മരണയിൽ ഇന്ന് ദേശീയ പൊതു സേവന പ്രക്ഷേപണ ദിനം.

**Today marks National Public Service Broadcasting Day to mark the historic address of Father of the Nation Mahatma Gandhi through All India Radio.**

5) ജി 7 രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ കാനഡയിൽ എത്തി.

**Union Minister S. Jaishankar arrived in Canada to attend the meeting of foreign ministers of the G7 countries.**

6) കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ. തിരഞ്ഞെടുപ്പ് ഡിസംബറിൽ.

**Notification for local body elections in Kerala will be published the day after tomorrow. Elections to be held in December.**

****************

## DELHI BLAST

ഡൽഹി സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്ത് കർശന ജാഗ്രത തുടരുന്നു. പ്രധാന വിമാനത്താവളങ്ങൾ, റെയിൽവെ സ്റ്റേഷൻ, പൊതുവിടങ്ങൾ തുടങ്ങിയ എല്ലായിടത്തും പരിശോധന ശക്തമാക്കിയിട്ടുണ്ട്. കേസിൻറെ അന്വേഷണം ആഭ്യന്തര മന്ത്രാലയം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറിയിരുന്നു. അതേ സമയം സ്ഫോടനത്തിന് ഉപയോഗിച്ച കാർ നല്കിയ ഡീലറെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ മുൻനിർത്തി ലാൽകില മെട്രോ സ്റ്റേഷൻ താല്ക്കാലിമായി അടച്ചിരിക്കുകയാണെന്ന് ഡൽഹി മെട്രോ റെയിൽ

കോർപ്പറേഷൻ അറിയിച്ചു. ചുവപ്പുകോട്ടയിലും നാളെ വരെ പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടാകില്ല.

****************

## AIRPORT-PASSENGER ADVISORY

ദേശീയ തലസ്ഥാനത്തെ സാഹചര്യം കണക്കിലെടുത്ത്, ഡൽഹി വിമാനത്താവളത്തിൽ ഉൾപ്പടെ സുരക്ഷാ പരിശോധന വർധിപ്പിച്ചു. യാത്രകൾ ഇതനുസരിച്ച് ക്രമീകരിക്കണമെന്നും വിമാനത്താവളത്തിൽ നേരത്തെ എത്തിച്ചേരണമെന്നും വിമാനത്താവള അധികൃതർ പറഞ്ഞു. സുരക്ഷാ പരിശോധനകൾ, ചെക്ക്-ഇൻ നടപടിക്രമങ്ങൾ എന്നിവയ്ക്ക് അധിക സമയം വേണ്ടി വരുന്നതിനാൽ യാത്രക്കാർ സഹകരിക്കണമെന്ന് വിമാനക്കമ്പനികളും അഭ്യർത്ഥിച്ചു.

****************

## PRESIDENT-BOTSWANA

രാഷ്ട്രപതി ദ്രൗപദി മുർമ്മു ബോട്സ്വാന പ്രസിഡൻറ് ദുമു ബോക്കോയുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. നിക്ഷേപം, സാങ്കേതിക വിദ്യ, ഊർജം, കൃഷി, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, പ്രതിരോധം ഉൾപ്പെടെ വിവിധ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തും. ബോട്സ്വാന പാർലമെൻറിനെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി ഇന്ത്യൻ സമൂഹവുമായും സംവദിക്കും. അംഗോള സന്ദർശനം പൂർത്തിയാക്കി ഇന്നലെ ബോട്സ്വാനയിലെത്തിയ രാഷ്ട്രപതിക്ക് ഊഷ്മള വരവേൽപാണ് ലഭിച്ചത്.

****************

## PM BHUTAN

ഭൂട്ടാൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യയിലേക്ക് മടങ്ങി. ഇന്ന് തിമ്പുവിൽ സംഘടിപ്പിച്ച പ്രത്യേക ചടങ്ങുകളിൽ ശ്രീ മോദി പങ്കെടുത്തു. സന്ദർശനവേളയിൽ ഭൂട്ടാന്റെ ഊർജ്ജ സംരംഭങ്ങൾക്ക് ഇന്ത്യ നാലായിരം കോടി രൂപയുടെ വായ്പാ പദ്ധതി പ്രഖ്യാപിച്ചു. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള ഊർജ്ജ പങ്കാളിത്തത്തിലെ

നാഴികക്കല്ലായ 1020 മെഗാവാട്ട് ജലവൈദ്യുത പദ്ധതിയും ഇരു നേതാക്കളും സംയുക്തമായി ഉദ്ഘാടനം ചെയ്തു.

****************

## REV. JAISHANKAR CANADA G7

കാനഡയിലെ ഒൻറാറിയോയിൽ നടക്കുന്ന ജി 7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ച് കേന്ദ്ര മന്ത്രി എസ്. ജയ്ശങ്കർ വിവിധ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തി. പരിപാടിക്ക് ആതിഥേയത്വം വഹിച്ച കാനഡ വിദേശകാര്യ മന്ത്രി അനിത ആനന്ദിനെ അദ്ദേഹം അഭിനന്ദിച്ചു. ഇന്ത്യയും കാനഡയും തമ്മിലുള്ള ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ ആഗ്രഹിക്കുന്നുവെന്നും ശ്രീ. എസ്. ജയ്ശങ്കർ പറഞ്ഞു .

മെക്സിക്കോ, ഫ്രാൻസ്, ബ്രിട്ടൻ, ബ്രസീൽ, ജർമ്മനി , ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

****************

## BROADCASTING DAY (INTRO)

ഇന്ന് ദേശീയ പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധി ഓൾ ഇന്ത്യ റേഡിയിലൂടെ തത്സമയ പ്രക്ഷേപണം നടത്തിയതിന്റെ സ്മരണയ്ക്കായാണ് ദിനാചരണം. 1947 നവംബർ 12നാണ്, കുരുക്ഷേത്ര ക്യാമ്പിൽ കഴിഞ്ഞിരുന്ന പാകിസ്ഥാനിൽ നിന്നുള്ള 2 ലക്ഷത്തിലധികം അഭയാർത്ഥികളെ ഗാന്ധിജി അഭിസംബോധന ചെയ്തത്. 2001ലാണ് നവംബർ 12 ദേശീയ പൊതു സേവന പ്രക്ഷേപണ ദിനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഗാന്ധിജിയുടെ വാക്കുകളിലേക്ക്.......
(വോയിസ് ഗാന്ധിജി)

****************

## INDIA-CUBA-MOU

ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ച് ഇന്ത്യയും ക്യൂബയും. കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റയും ക്യൂബയുടെ ആക്ടിംഗ് വിദേശകാര്യ മന്ത്രി ജെറാർഡോ പെനാൽവർ പോർട്ടലും തമ്മിലുള്ള കൂടിക്കാഴ്ചയിൽ ഹവാനയിൽ വച്ചാണ് കരാർ ഒപ്പിട്ടത് . ക്രിമിനൽ കാര്യങ്ങളിൽ പരസ്പര നിയമ സഹായം സംബന്ധിച്ച ഉടമ്പടിയും സാംസ്കാരിക വിനിമയവും സഹകരണവും സംബന്ധിച്ച ഒരു പ്രോട്ടോക്കോളും ധാരണാപത്രത്തിൽ ഉൾപ്പെടുന്നു.

****************

## QUAD EXERCISE

ഇന്തോ-പസഫിക് നാവിക അഭ്യാസമായ മലബാർ 2025-ൽ ഇന്ത്യ, ജപ്പാൻ, യു.എസ് എന്നീ രാജ്യങ്ങൾക്കൊപ്പം ഓസ്ട്രേലിയയും ചേർന്നു. 2023-ലാണ് ഓസ്ട്രേലിയ അവസാനമായി അഭ്യാസത്തിന് ആതിഥേയത്വം വഹിച്ചത്. സമുദ്ര സുരക്ഷ വർദ്ധിപ്പിക്കുന്നതിനാണ് ക്വാഡ് അഭ്യാസം ഉപയോഗിക്കുന്നത്. ക്വാഡ് രാജ്യങ്ങൾക്കിടയിലെ ഏകോപനവും പരസ്പരമുള്ള പ്രവർത്തനക്ഷമതയും ശക്തിപ്പെടുത്തുക എന്നതാണ് ക്വാഡ് അഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

****************

## LSGD

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം മറ്റന്നാൾ പ്രസിദ്ധീകരിക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 21 ആണ്. പത്രികകളുടെ സൂക്ഷ്മ പരിശോധന നവംബർ 22 ന് നടക്കും. രണ്ടു ഘട്ടങ്ങളിലായി ഡിസംബർ 9 നും, 11 നുമാണ് വോട്ടെടുപ്പ്. അടുത്തമാസം 13 നാണ് വോട്ടെണ്ണൽ.

****************

## SIR-KERALA

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ എട്ടാം ദിവസമായ ഇന്നലെ വൈകിട്ട് ആറ് വരെ ഒരു കോടി 15 ലക്ഷത്തിലധികം പേർക്ക് എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ

തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ.
മൊത്തം വോട്ടർമാരുടെ 42 ശതമാനമാണിത്. നവംബർ 25നകം ആദ്യ ഘട്ട എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു.

****************

## MORN. BIHAR – ASSEMBLY ELECTION (INTRO)

ഇന്നലെ നടന്ന
ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടത്തിൽ റെ ക്കോർഡ് പോളിങ്. 69 ശതമാനമായിരുന്നു രണ്ടാം ഘട്ട പോളിങ്. രണ്ട് ഘട്ടങ്ങളിലുമായി ശരാശരി 66.91 ശതമാനം വോട്ട് രേഖപ്പെടുത്തി. ബിഹാറിൻറെ തിരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിങ്ങാണ് ഇതെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷ്ണർ ഗ്യാനേഷ് കുമാർ പറഞ്ഞു.
(വോയിസ്)
ആദ്യഘട്ട വോട്ടെടുപ്പിൽ 65.08 ശതമാനമായിരുന്നു പോളിംഗ്. വെള്ളിയാഴ്ചയാണ് വോട്ടെണ്ണൽ .

****************

## NADDA-PNEUMONIA DAY

ഇന്ന് ലോക ന്യുമോണിയ ദിനം. ഓരോ കുട്ടിയെയും ന്യുമോണിയയിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ. ശക്തമായ ആരോഗ്യ സംവിധാനങ്ങളിലൂടെയും സാമൂഹ്യ അവബോധത്തിലൂടെയും കുട്ടികളിലെ ന്യുമോണിയ കുറയ്ക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണെന്ന് ശ്രീ നഡ്ഡ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

****************

## Mannarasala

ആലപ്പുഴ മണ്ണാറശ്ശാല നാഗരാജ ക്ഷേത്രത്തിലെ ആയില്ല്യം ഉത്സവ ചടങ്ങുകൾ പുരോഗമിക്കുന്നു. മണ്ണാറശ്ശാല ഉത്സവത്തോട് അനുബന്ധിച്ച് ഇന്ന് ആലപ്പുഴ ജില്ലയിൽ പൊതു അവധിയാണ്.

****************

## DHARMENDRA

പ്രശസ്ത സിനിമാതാരം ധർമ്മേന്ദ്രയെ ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്തു. അദ്ദേഹത്തിന്റെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ധർമ്മേന്ദ്രയുടെ കുടുംബം പുറത്തിറക്കിയ ഔദ്യോഗിക പ്രസ്താവനയിൽ അറിയിച്ചു . അദ്ദേഹത്തിന്റെ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടിയുള്ള പ്രാർത്ഥനകൾക്കും ആശംസകൾക്കും കുടുംബം നന്ദി അറിയിച്ചു.

****************

## VANDE MATARAM RAAG

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷിക ആഘോഷങ്ങളോട് അനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഔഡവ-സമ്പൂർണ രാഗമായ ദേശ് ഉപയോഗിച്ചാണ് വന്ദേമാതരം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇതിഹാസ സംഗീതജ്ഞൻ പണ്ഡിറ്റ് ഭീംസെൻ ജോഷി ദേശ് രാഗത്തിൽ വന്ദേമാതരം ആലപിക്കുമ്പോൾ തലമുറകളിലേക്കാണ് ദേശസ്നേഹത്തിന്റെ കരുത്ത് കൈമാറപ്പെട്ടത്.

****************

## SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 615 പോയിന്റ് ഉയർന്ന് 84,481 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 185 പോയിന്റ് നേട്ടത്തിൽ 25,880 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 240 രൂപ കുറഞ്ഞ് 92,040 രൂപയും ഗ്രാമിന് 11,505 രൂപയുമാണ് ഇന്നത്തെ വില.

****************

## Sabarimala gold theft case

ബന്ധുവിൻ്റെ മരണത്തെ തുടർന്ന് ശബരിമല സ്വർണ്ണ പാളി ക്രമക്കേടിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡൻ്റ് എ പദ്മകുമാർ ചോദ്യം ചെയ്യലിന് സാവകാശം തേടി. ബന്ധുവിൻ്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കേണ്ടതിനാൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ സാവകാശം വേണമെന്നാണ്

എ പദ്മകുമാർ ആവശ്യപ്പെട്ടത്. മുൻ ദേവസ്വം കമ്മീഷണറായിരുന്ന എൻ വാസുവിനെ ഇന്നലെ അന്വേഷണ സംഘം അറസ്റ്റ് ചെയ്തിരുന്നു.

****************

## Kochi - Tourism

2026 ൽ നിർബന്ധമായും കണ്ടിരിക്കേണ്ട വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടംനേടി കൊച്ചിയും. ബുക്കിങ് ഡോട്ട് കോം തയ്യാറാക്കിയ 10 ട്രെൻഡിംഗ് ഡെസ്റ്റിനേഷനുകളുടെ പട്ടികയിൽ ആണ് കൊച്ചിയും ഇടം നേടിയത്. ഇന്ത്യയിൽ നിന്നും പട്ടികയിൽ ഉൾപ്പെട്ട ഏക ഇടമാണ് കൊച്ചി.

****************

## IMD- WEATHER

തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. മധ്യപ്രദേശ്, ദക്ഷിണ ഹരിയാന, ഛത്തീസ്ഗഢ്, ഡൽഹി, ചണ്ഡീഗഢ്, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ ശീതതരംഗം ഉണ്ടാകുമെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതേസമയം ഡൽഹിയിലെ വായു ഗുണനിലവാരം ഗുരുതരമായി തുടരുന്ന പശ്ചാത്തലത്തിൽ അഞ്ചാം ക്ലാസ് വരെയുള്ള സ്കൂളുകൾ ഹൈബ്രിഡ് മോഡിലേക്ക് മാറാനും സ്വകാര്യ ബിഎസ്-III പെട്രോൾ, ബിഎസ്-IV ഡീസൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് ഇന്ന് നിരോധനവും ഏർപ്പെടുത്തി.

****************

**********

***